പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8066 — 17.07.2014-ൽ മറുപടിക്ക്

**എൻ.ആർ.എച്ച്.എം. മുഖേന താലൂക്ക് ആശുപത്രികളിൽ അത്യാഹിത വിഭാഗം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം. മുഖേന എത്ര താലൂക്ക് ആശുപത്രികളിലാണ് കാഷ്വാലിറ്റി സംവിധാനം പ്രവർത്തിക്കുന്നത് വ്യക്തമാക്കാമോ ; | (എ) | എൻ.ആർ.എച്ച്.എം. മുഖേന താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ചുവന്നിരുന്ന കാഷ്വാലിറ്റി നിർത്തലാക്കിയ സാഹചര്യം വ്യക്തമാക്കുമോ ; കാഷ്വാലിറ്റി നിർത്തലാക്കിയതു കൊണ്ട് പൊതുജനങ്ങൾക്കുണ്ടായ പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. മുഖേന 4 (നാല്) ഡോക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചുകൊണ്ടാണ് കാഷ്വാലിറ്റി സംവിധാനം ആരംഭിച്ചത്. പ്രസ്തുത ഡോക്ടർമാർ സ്വമേധയാ ജോലി രാജിവെച്ച് പോയതുകൊണ്ടാണ് കാഷ്വാലിറ്റി സംവിധാനം നിർത്തലാക്കിയ സാഹചര്യം വന്നത്. കാഷ്വാലിറ്റി നിർത്തലാക്കിയതു കൊണ്ട് പൊതുജനങ്ങൾക്കുണ്ടായ പ്രയാസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കാഷ്വാലിറ്റി സംവിധാനം പുനഃസ്ഥാപിക്കുന്നതിന് എൻ.ആർ.എച്ച്.എം. മുഖേന കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തിനായി ഡോക്ടർമാരുമായി കൂടിക്കാഴ്ച നടത്തിയെങ്കിലും ആരുംതന്നെ താൽപര്യം പ്രകടിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ